# ജില്ലാ വടംവലി മത്സരത്തിൽ കൊരട്ടി നൈപുണ്യ കോളജ് ജേതാക്കൾ

★ കൊരട്ടി: കുട്ടനെല്ലൂർ ഗവ. കോളജിൽ നടന്ന ജില്ലാ വടംവലി മത്സരത്തിൽ പുരുഷ വിഭാഗത്തിലും മിക്സ്ഡ് വിഭാഗത്തിലും കൊരട്ടി നൈപുണ്യ കോളജ് ജേതാക്കളായി. പുരുഷവിഭാഗത്തിൽ കുട്ടനെല്ലൂർ സർക്കാർ കോളജിനേയും മിക്സ്ഡ് വിഭാഗത്തിൽ തൃശൂർ ഗെയിംസ് അക്കാദമിയേയുമാണ് പരാജയപ്പെടുത്തിയത്. ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കെ.ആർ. സാംബശിവൻ വിജയികൾക്കു സമ്മാനദാനം നിർവഹിച്ചു.

വടംവലി അസോസിയേഷൻ പ്രസിഡന്റ് ടി.എൻ. രാജീവൻ, സെക്രട്ടറി രഞ്ജിത്ത്, കൗൺസിൽ പ്രതിനിധികളായ അഖിൽ ജിത്ത്, സതീഷ്, അന്തകൃഷ്ണൻ മാസ്റ്റർ എന്നിവർ പ്രസംഗിച്ചു.



ജില്ലാ വടംവലി മത്സരത്തിൽ ജേതാക്കളായ കൊരട്ടി നൈപുണ്യ കോളജ് ടീം.